# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ : T 572

28-10-2016 ൽ മറുപടിയ്ക്ക്

### തീരദേശ തുറമുഖങ്ങളെ ബന്ധിപ്പിച്ച് യാത്രാ ബോട്ടുകൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ. പി.കെ. ബഷീർ :<br>ശ്രീ. എൻ.എ. നെല്ലിക്കുന്ന് :<br>ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ് :<br>ശ്രീ. കെ.എം. ഷാജി : | | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>( തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പ് മന്ത്രി) |
| (എ) | തീരദേശ തുറമുഖങ്ങളെ ബന്ധിപ്പിച്ച് യാത്രാ ബോട്ടുകൾ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഏതൊക്കെ തുറമുഖങ്ങളെ ബന്ധിപ്പിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | ഉണ്ട്. വിഴിഞ്ഞം-കൊച്ചി, കൊച്ചി-കോഴിക്കോട് മേഖലകളിലാണ് യാത്രാക്കപ്പൽ സർവ്വീസ് തുടങ്ങുവാൻ ആദ്യഘട്ടം ഉദ്ദേശിക്കുന്നത്. |
| (ബി) | ഏത് ഏജൻസിയെയാണ് ഇതിനായി ഏർപ്പെടുത്തുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) | മെസേഴ്സ്. സേഫ് ബോട്ട് പ്രൈവറ്റ് ലിമിറ്റഡ് , കൊച്ചി എന്ന സ്വകാര്യ സംരംഭകരെയാണ് തിരഞ്ഞെടുത്തിരിക്കുന്നത്. . |
| (സി) | സംസ്ഥാനത്തിന്റെ തെക്കു വടക്കുമുള്ള ചെറുകിട തുറമുഖങ്ങൾ കൂട്ടിയിണക്കി പ്രസ്തുത പദ്ധതി വിനോദ സഞ്ചാര മേഖലയ്ക്ക് കൂടി പ്രയോജനപ്രദമാക്കാൻ നടപടി സ്വീകരിക്കുമോ ? | (സി) | വിനോദസഞ്ചാരമേഖലയ്ക്ക് ഊന്നൽ നൽകിക്കൊണ്ടാണ് ഈ പദ്ധതി നടപ്പാക്കുന്നത് . മേൽപ്പറഞ്ഞ പദ്ധതി വിജയത്തെ ആസ്പദമാക്കിയായിരിക്കും സംസ്ഥാനത്തെ മറ്റ് തുറമുഖങ്ങളെക്കൂടി കൂട്ടിയിണക്കി പദ്ധതി നടപ്പിലാക്കുന്നത്. |

**സെക്ഷൻ ഓഫീസർ**